(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ്(അമെന്റ്മെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഈ ബില്ലിൽ ചെറിയ ചില ഭേദഗതികൾ മാത്രമാണുള്ളത്. ടാക്സ് റേറ്റ് വാറ്റിന്റെ റേറ്റിനെക്കാൾ കൂടാൻ പാടില്ല എന്നുള്ള പ്രിൻസിപ്പൽ വച്ചുകൊണ്ടുള്ള അമന്റ്മെന്റാണ്. കൂടിശ്ശിക ഈടാക്കുന്നത് കെ.ജി.എസ്.ടി. ആക്ടിലെ സെക്ഷൻ 25 പോലെയാക്കുക, അപ്പലേറ്റ് ട്രിബ്യൂണലിന്റെ തീരുമാനത്തിനെതിരായി ഹൈക്കോടതിയിൽ റിവിഷൻ കൊടുക്കാൻ പ്രൊവിഷൻ വയ്ക്കുക, പുതുതായിട്ട് ചില ഐറ്റംസ്കൂടെ കൊണ്ടുവരുന്ന രീതിയിൽ ഷെഡ്യൂളിൽ മാറ്റം വരുത്തുക. ഇത്രയും മാത്രമാണ് ഇതിൽ ഉള്ളത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഈ ബില്ലുകളിൻമേലുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർ, ഈ ബില്ലുകൾ വിശദമായ ചർച്ചയ്ക്കു വിധേയമാക്കാതെ വളരെ വേഗത്തിൽ ഒരു ദിവസംതന്നെ ഏഴും എട്ടും ബില്ലുകൾ പാസ്സാക്കുന്നത് ആശാസ്യമല്ല എന്നുള്ളത് ആദ്യമായി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ ഇരിക്കുന്ന അംഗങ്ങൾ കാര്യങ്ങൾ വളരെ വിശദമായി പഠിച്ച് അതിനെ സംബന്ധിച്ച് പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളെല്ലാംതന്നെ മുൻകൂട്ടി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടാണ് വരുന്നത്. സഭയ്ക്ക് സമയമില്ല എന്നുള്ള കാരണത്തിൻമേൽ വളരെ തിരക്കുപിടിച്ച് നിയമത്തിന്റെ എല്ലാ ഭാഗങ്ങളും ശ്രദ്ധിക്കാതെ നിയമനിർമ്മാണം നടത്തുന്നത് ആശാസ്യകരമല്ല എന്നുള്ളതുകൊണ്ടാണ് പറഞ്ഞത്. നിയമനിർമ്മാണ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിൽ ഒന്നാണ് നിയമനിർമ്മാണപ്രക്രിയ എന്നു പറയുന്നത്. ഇവിടെ ഇരിക്കുന്ന അംഗങ്ങൾ ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വിശദമായി പഠിച്ച് പ്രകടിപ്പിക്കേണ്ട അഭിപ്രായങ്ങളെല്ലാംതന്നെ മുൻകൂട്ടി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടാണ് ഇവിടെ വരുന്നത്. സഭയ്ക്ക് സമയമില്ല എന്നുള്ള കാരണത്തിന്റെ പേരിൽ വളരെ തിരക്കുപിടിച്ച് ഈ നിയമത്തിന്റെ എല്ലാ ഭാഗങ്ങളും ശ്രദ്ധിക്കാതെ നിയമനിർമ്മാണം നടത്തുന്നത് ആശാസ്യമായ ഒരു കാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* ഇവിടെ കൂടൽമാണിക്യം ബിൽ സഭയുടെ ഒരു consensus-ന് എടുത്തതിനുശേഷം അന്ന് ചെയർ പറഞ്ഞിട്ടാണ് ഇന്നത്തേക്ക് മാറ്റിവച്ചത്. ഇന്നത്തേക്ക് ഈ ബില്ലുകളെല്ലാം ഷെഡ്യൂൾ ചെയ്തത് ഇവിടെ ബി.എ.സി.യിൽ ഡിസ്കസ് ചെയ്ത് ബി.എ.സി.യിൽ എടുത്ത പൊതുവായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് സഭയുടെ ഒരു സമയവും മറ്റൊരു രൂപത്തിലും എടുക്കുന്നില്ല. പിന്നെ ചർച്ച നീണ്ടുപോകുന്നതിന്റെ ഉത്തരവാദിത്വം ഇവിടെ ഗവൺമെന്റിന് എടുക്കാൻ നിവൃത്തിയില്ല എന്നുള്ളത് അങ്ങേക്കും അറിയാം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: നിയമനിർമ്മാണത്തിന് നിശ്ചിതമായ ചട്ടങ്ങളും നടപടിക്രമങ്ങളും ഉണ്ട്. കാര്യോപദേശക സമിതി തീരുമാനം ചട്ടങ്ങളിലും അതുപോലെ നടപടിക്രമങ്ങളിലും എന്തെങ്കിലും മാറ്റം ഉണ്ടാക്കുന്നതോ അതുപോലെ അതിന്റെ ഏതെങ്കിലും അംഗങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്ന രീതിയിലോ പ്രയോഗിക്കപ്പെടണം എന്ന് വ്യവസ്ഥയില്ല. അതുകൊണ്ട് ചട്ടങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് നിയമനിർമ്മാണത്തിന്റെ വേളയിൽ സംസാരിക്കുന്നതിന് കൃത്യമായിട്ടുള്ള അവസരം ഉണ്ടാക്കണം.

മി. ചെയർമാൻ: അങ്ങേക്ക് സംസാരിക്കാം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ചെയറിന്റെയും പ്രത്യേകിച്ച് ആരുടേയും ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടാകരുത് എന്നാണ് എനിക്ക് അതുസംബന്ധിച്ച് അഭ്യർത്ഥിക്കാനുള്ളത്. സാധാരണ നിയമനിർമ്മാണവേളയിലാണ് നിയമനിർമ്മാണവും ആ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചെല്ലാമുള്ള കാര്യങ്ങൾ അംഗങ്ങളെ സംബന്ധിച്ച് ഈ സഭയുടെ ഗൗരവമായ പരിഗണനയ്ക്ക് അവർക്ക് രേഖപ്പെടുത്താനാകുന്നത്. അതുകൊണ്ട് അനുബന്ധമായ കാര്യങ്ങളെ സംബന്ധിച്ച് നിയമത്തിന്റെ പരിധിക്കകത്തുനിന്നുകൊണ്ടുതന്നെയുള്ള കാര്യങ്ങൾ സാഭാവികമായി ഇത്തരം ബില്ലുകളുടെ ചർച്ചാവേളയിൽ പറയുന്നതിനു വേണ്ടിയുണ്ടാകും. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത് വളരെ ഗൗരവമായ കാര്യങ്ങളൊന്നും ഇല്ലാതെ ഷെഡ്യൂളിൽ വളരെ ചെറിയ ചില മാറ്റങ്ങൾ വരുത്തുന്നു എന്നാണ്. അതുപോലെതന്നെ നേരത്തെയുള്ള ബില്ലിനകത്ത്, ആക്ടിനകത്തുള്ള ചില ക്ലാരിഫിക്കേഷൻസ് എല്ലാം വരുത്താനുള്ള വളരെ ചെറിയ നിലയ്ക്കുള്ള ചില ഭേദഗതികൾ മാത്രമാണ് ഈ Kerala Tax on Entry of Goods into Local Areas (Amendment) ബില്ലിനകത്തുള്ളത് എന്നാണ്. 1994-ലാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നത്. ഇത് കൊണ്ടുവരുന്ന സമയത്ത് അന്യ സംസ്ഥാനങ്ങളിൽനിന്ന് വാഹനങ്ങളും മറ്റു വസ്തുക്കളുമൊക്കെ വാങ്ങി കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് കേരളത്തിലെ നികുതിക്ക് ഉണ്ടാകുന്ന ഭീമമായ നഷ്ടം പരിഹരിക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് 1994-ൽ ഈ

നിയമം കൊണ്ടുവന്നിട്ടുള്ളത്. ഇപ്പോൾ ഇതുസംബന്ധിച്ച് ഇതിന്റെ ഷെഡ്യൂളിനകത്ത് മാറ്റം വരുത്തണമെന്ന് നിർദ്ദേശിക്കുമ്പോൾ പ്രധാനമായി ഗൃഹനിർമ്മാണമേഖലയ്ക്കകത്ത് മാർബിൾ, ടൈൽസ്, വയറിംഗ് ഗുഡ്സ് അവയുടെയൊക്കെത്തന്നെ വാങ്ങലിൽ വലിയ നിലയിലുള്ള വർദ്ധനവ് ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നികുതിനഷ്ടം ഒഴിവാക്കുക എന്ന നിലയ്ക്കുള്ള ഉദ്ദേശം വച്ചുകൊണ്ടാണ് ഈ കാര്യങ്ങളെ സംബന്ധിച്ച് ഇപ്പോൾ നിയമനിർമ്മാണം ആവശ്യമായിവന്നിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ നികുതിനഷ്ടം ഒഴിവാക്കുക എന്നുള്ള നിലയ്ക്ക് മാത്രമല്ല, വ്യാപാരരംഗത്തുള്ള ആളുകളെ സഹായിക്കുക എന്നു പറയുന്ന ലക്ഷ്യംകൂടി ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഉണ്ടെന്ന് ഈ ബില്ലിലെ വ്യവസ്ഥകൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇപ്പോൾ മന്ത്രി ഒടുവിലത്തെ ഭേദഗതി എന്നുള്ള നിലയ്ക്ക് നേരത്തെ നിർദ്ദേശിക്കപ്പെട്ടിരുന്ന ഷെഡ്യൂളിൽനിന്ന് വ്യത്യസ്തമായിട്ട് പുതുതായിട്ട് ചില കാര്യങ്ങൾകൂടി ഇവിടെ രാവിലെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അതിൽ പുതുതായി പ്രവേശന നികുതി ഏർപ്പെടുത്താൻവേണ്ടി തീരുമാനിച്ചിട്ടുള്ള ആട്ട, മൈദ, സൂജി, പേപ്പർ ഉൽപ്പന്നങ്ങൾ ഇവയെല്ലാം സ്വന്തം ഉപയോഗത്തിനുവേണ്ടി കൊണ്ടുവരുന്നതുവഴി സംസ്ഥാനത്തിന്റെ നികുതിക്കുണ്ടാകുന്ന നഷ്ടം എന്നു പറയുന്നത് വളരെ ഗണ്യമായ ഒന്നാണ് എന്നു പറയാൻ സാധിക്കുന്നതല്ല എന്നാണ് തോന്നുന്നത്. അതുസംബന്ധിച്ചുള്ള കണക്കുവച്ചുകൊണ്ടല്ല ഞാൻ ഈ കാര്യം പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അതു സംബന്ധിച്ചുള്ള നിലപാട് എന്താണെന്നുള്ളത് വ്യക്തമാക്കേണ്ട കാര്യമാണ്. യഥാർത്ഥത്തിൽ അത്രമാത്രം ഗുരുതരമായിട്ടുള്ള ഒരു നഷ്ടം അതിന്റെ ഫലമായിട്ട് ഉണ്ടാകുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഈ ആക്ട് അനുസരിച്ച് കേരള ഗവൺമെന്റിനുവേണ്ടി കൊണ്ടുവരുന്ന സാധനങ്ങൾ ഉൾപ്പെടെ എൻട്രി ടാക്സ് ഏർപ്പെടുത്തുകയാണ്. എല്ലാ മേഖലയിലും അത് എങ്ങനെയാണ് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നത് എന്നുള്ളത് സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. പക്ഷേ, ആശുപത്രികളുമായി ഒക്കെ ബന്ധപ്പെട്ടുകൊണ്ട് ഈ നിലയ്ക്ക് നികുതി ചുമത്തുന്നതുവഴി ഉണ്ടാകുന്ന വലിയ പ്രശ്നങ്ങൾ ഉണ്ട്. പ്രത്യേകിച്ച് പൊതു ആരോഗ്യസംരക്ഷണ സംവിധാനം വളരെ വിപുലമായിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം എന്നുള്ളത് നമുക്കറിയാം. ആ സ്ഥാപനങ്ങളിൽ ഉൾപ്പെടെ സർക്കാരിനുവേണ്ടി കൊണ്ടുവരുന്ന സാധനങ്ങൾ എന്നുള്ള നിലയ്ക്ക് വരുന്ന ഈ എൻട്രി ടാക്സ് നമ്മുടെ മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെ നമ്മുടെ സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഉൾപ്പെടെ ബാധകമാക്കുന്ന ഒന്നായിട്ടാണ് യഥാർത്ഥത്തിൽ വരാൻപോകുന്നത്. എനിക്ക് തോന്നുന്നത് കേന്ദ്ര ഗവൺമെന്റ് വകുപ്പുകൾക്കുവേണ്ടി കൊണ്ടുവരുന്ന ഇത്തരം വസ്തുക്കളെ സംബന്ധിച്ച് നമ്മുടെ രാജ്യത്തിന്റെ നാനാ മേഖലകളിൽ അവർക്ക് എൻട്രി ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു, പ്രത്യേകിച്ച് നികുതി അവർക്ക് ഇല്ല. കേരള ഗവൺമെന്റിനുവേണ്ടി കൊണ്ടുവരുന്ന ഗവൺമെന്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വസ്തുക്കൾക്ക് ഈ എൻട്രി ടാക്സ് ഒഴിവാക്കാൻ സാദ്ധ്യമല്ല. അത് ഒഴിവാക്കുന്നത് ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച് നമുക്ക് സഹായകമായ ഒന്നല്ലേ എന്നുള്ളത് ഗൗരവമായി ആലോചിക്കേണ്ടതാണ്. എൻട്രി ടാക്സിന്റെ മേഖലയ്ക്കകത്ത് കണ്ണൂർ ജില്ലയെ സംബന്ധിച്ച് ധാരാളം ചെറുകിട മരവ്യവസായ സ്ഥാപനങ്ങൾ ചെറുകിടമേഖലയ്ക്കകത്ത് തടിഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളാണ്. തടിയുമായി ബന്ധപ്പെട്ടുകൊണ്ട് വലിയ നിലയ്ക്കുള്ള വൻകിട സ്ഥാപനങ്ങൾ നിലവിലുണ്ട്. ആ സ്ഥാപനങ്ങൾക്ക് എൻട്രി ടാക്സ് ബാധകമാക്കേണ്ടതില്ല എന്ന് ഒരു കാരണവശാലും പറയാൻ കഴിയുന്നതല്ല. വലിയ നിലയിൽ ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളാണ് ഇത്തരം സ്ഥാപനങ്ങൾ. ആ സ്ഥാപനങ്ങൾക്ക് നിർബന്ധമായിട്ടും എൻട്രി ടാക്സ് ഏർപ്പെടുത്തേണ്ടതു തന്നെയാണ്. എന്നാൽ കേരളത്തെ സംബന്ധിച്ച് ധാരാളം സ്ഥാപനങ്ങൾ തടി അസംസ്കൃത പദാർത്ഥമായി ഉപയോഗിച്ചുകൊണ്ട് ചെറുകിടമേഖലയ്ക്കകത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് തടി വാങ്ങി ഇവിടെ തടിതന്നെ വിൽപ്പന ചെയ്യുന്ന സ്ഥാപനങ്ങളുണ്ട്, അതുപോലെ തടി വാങ്ങിയിട്ട് അത് പിന്നീട് ഫർണ്ണിച്ചർ ആക്കി മാറ്റിയിട്ട് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളും ധാരാളമായിട്ടുണ്ട്. ഈ ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ അവർ തടി വാങ്ങുന്ന സമയത്ത് അവിടെ കേന്ദ്ര സെയിൽസ് ടാക്സ് കൊടുക്കുന്നുണ്ട്. ഇവിടെ വന്നിട്ട് സാധനങ്ങൾ നേരിട്ട് തടിയായിട്ട് കൊടുക്കുന്ന സമയത്തായാലും തടി ഉരുപ്പടികളായിട്ട് മാറ്റിയിട്ട് കൊടുക്കുന്ന സമയത്തായാലും അവർ ഇവിടെയും സെയിൽസ് ടാക്സ് കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. അതിന്റെ മേലെയുള്ള ഒന്നായിട്ടാണ് ഈ എൻട്രി ടാക്സ് തടി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് വരാൻപോകുന്നത്. അതുസംബന്ധിച്ച് പുതുതായി കൊണ്ടുവന്നിരിക്കുന്ന നിയമം ഈ മേഖലയിലെ ചെറുകിട തടിവ്യവസായ സ്ഥാപനങ്ങളെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. ചെറുകിട തടിവ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് എങ്ങനെയാണ് അവരുടെ വ്യവസായ സ്ഥാപനങ്ങൾ നിലച്ചുപോകാതിരിക്കത്തക്ക നിലയ്ക്ക് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുക എന്നതിനെ സംബന്ധിച്ച് ആലോചിക്കേണ്ടതാണ്. തടിവിപണന മേഖലയിലും അതുപോലെ മരം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളും ഇതിന്റെ ഫലമായി പ്രതിസന്ധിയിലാകാൻ സാദ്ധ്യതയുണ്ട്. ആ രംഗത്ത് ഈ നിയമത്തെ ദുരുപയോഗം ചെയ്യാനുള്ള സാദ്ധ്യത ഞാൻ വിസ്മരിക്കുന്നില്ല. യഥാർത്ഥത്തിൽ ഈ തടിക്ക് എൻട്രി ടാക്സ് ഏർപ്പെടുത്താൻ തീരുമാനിക്കുന്നതിനു പിന്നിൽ നേരത്തെ തടിവിപണനരംഗത്ത് ഉണ്ടായിട്ടുള്ള വ്യാജ മേൽവിലാസം ഉപയോഗിച്ചുകൊണ്ടുള്ള സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിൽപ്പന നികുതി രജിസ്റ്റർ ചെയ്യുന്നിടത്ത് നികുതിവെട്ടിപ്പ് നടത്തിയതിനെ സംബന്ധിച്ച് ചില ഉദാഹരണങ്ങൾ ഈ സഭതന്നെ നേരത്തെ ചർച്ച ചെയ്തിട്ടുണ്ട്. അത് ഒഴിവാക്കുക എന്നുള്ള ഉദ്ദേശം ഈ തടിമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് എൻട്രി ടാക്സ് ഏർപ്പെടുത്തുമ്പോൾ ഉണ്ടെന്നുള്ളത് വസ്തുതയാണ്. അങ്ങനെ ഒരു tax evasion വരാനുള്ള പ്രധാനപ്പെട്ട കാരണം ഉദ്യോഗസ്ഥരും മുതലാളിമാരും തമ്മിലുള്ള രഹസ്യബന്ധമാണ്. അവർ തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറിൻമേലാണ് ഈ തടി കടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞിട്ടുള്ളത്. കൃത്യമായ പരിശോധന ഉണ്ടാകുന്നതിലുള്ള പോരായ്മയുടെ കൂടി കാരണമായി വന്നിരിക്കുന്ന ഈ കാര്യം പരിഹരിക്കാൻ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൾപ്പെടെ തകർക്കുന്ന നിലയിലുള്ള ഈ ടാക്സ് ഏർപ്പെടുത്തുന്നത് എത്രമാത്രം ഫലവത്താകും എന്നുള്ളതിനെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. കേരളത്തിൽ രജിസ്ട്രേഷനുള്ള തടി വ്യാപാരികളുടെ കൈയിൽനിന്ന് നേരത്തെ തടി വാങ്ങിയിട്ട് അവർ ഫോറം (8) നൽകിക്കഴിഞ്ഞാൽ അവർക്ക് നികുതി കുറച്ചുകൊടുത്താൽ മതി. പന്ത്രണ്ടര ശതമാനത്തിനു പകരം മൂന്നു ശതമാനം നികുതി കൊടുത്താൽ മതി. ഇത് വ്യാപകമായി നേരത്തെ ദുരുപയോഗപ്പെട്ടിരുന്നതാണ്. ആ ദുരുപയോഗപ്പെടുത്തൽ ഉണ്ടായിട്ടുള്ളത് ഏതെങ്കിലും നിയമത്തിന്റെ അപാകതകൊണ്ടല്ല, നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളതാണ്. അത് കൃത്യമായ നിലയ്ക്ക് പരിശോധിക്കുന്നില്ല എന്നുള്ളത് ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും അറിവോടുകൂടിയാണ്. ഇത് ഇത്തരം സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടിയിട്ടുള്ള നടപടികളുടെ ഭാഗമാണ്. ഇതുസംബന്ധിച്ച് ചർച്ചചെയ്യുമ്പോൾ നേരത്തെ ഞാൻ ചോദ്യോത്തരവേളയിൽ ഒരു കാര്യം ചോദിച്ചു, ചില സഹകാര്യ വ്യവസായ സ്ഥാപനങ്ങൾക്കുപോലും വലിയ നിലയ്ക്ക് സർക്കാരിന്റെ തടി ലഭ്യമാക്കാൻ പറ്റുന്ന തീരുമാനങ്ങൾ ഗവൺമെന്റ് എടുക്കുകയാണ്. സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്നുള്ള കാര്യത്തെവച്ചുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത്. വലിയ നിലയ്ക്കുള്ള മരവ്യവസായികളുമായി ചേർന്നുകൊണ്ട് അവർക്ക് ലാഭം ഉണ്ടാക്കാനും അവർക്ക് നികുതിവെട്ടിപ്പ് നടത്താനും പറ്റുന്ന എല്ലാ നടപടികളും ഒരു ഭാഗത്ത് കൈക്കൊള്ളുന്ന അതേ ആളുകൾതന്നെയാണ് ആ മേഖലയ്ക്കകത്തുള്ള ചെറുകിട സ്ഥാപനങ്ങളെ തകർക്കുന്നതിനുവേണ്ടി പറ്റാവുന്ന നിലപാടുകൾ സ്വീകരിക്കുന്നത്. ഇത് ഗൗരവത്തോടെ കാണണം. ഇവിടെ വളരെ വ്യക്തമായ നിലയ്ക്ക് ഒരു വേർതിരിവ് ഉണ്ടാകേണ്ടതാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾ വളരെ ചെറിയ നിലയിലുള്ള മുതൽമുടക്കോടെ ആളുകൾക്ക് പണി കൊടുക്കാൻ പറ്റാവുന്ന സ്ഥാപനങ്ങളായിട്ട് നിൽക്കുന്ന സ്ഥാപനങ്ങളും ഇതുപോലെ വൻകിട സ്ഥാപനങ്ങളും യന്ത്രം ഉപയോഗിച്ചുകൊണ്ട് ഉൽപ്പാദനം നടത്തിക്കൊണ്ടിരിക്കുന്ന വൻകിട സ്ഥാപനങ്ങളെയും വേർതിരിക്കത്തക്ക നിലയ്ക്ക് ഈ രംഗത്ത് മാറ്റം ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ അന്തർസംസ്ഥാന വ്യാപാരം

LIBRARY ARCHIVES Kerala Legislative Assembly

നടക്കുമ്പോൾ യഥാർത്ഥത്തിൽ നികുതിയെ സംബന്ധിച്ചിടത്തോളം നിലവിലുള്ള വ്യവസ്ഥയനുസരിച്ച് സെൻട്രൽ സെയിൽസ് ടാക്സ് 4 ശതമാനം മറ്റു സംസ്ഥാനങ്ങളിൽനിന്നെല്ലാം വാങ്ങുന്നതിന് ഈ തടിവ്യാപാരികൾ കൊടുക്കേണ്ടതായിട്ടുണ്ട്. അതിനുപുറമേ എൻട്രി ടാക്സ് പന്ത്രണ്ടര ശതമാനം വരുന്നു എന്നു പറയുന്നത് ഈ ചെറുകിട വ്യവസായസ്ഥാപനങ്ങളെ സംബന്ധിച്ച് ഗൗരവമായിട്ടുള്ള പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. സർ, അതുപോലെതന്നെ കൊടുത്തുകൊണ്ടിരിക്കുന്ന നികുതി എന്നു പറയുന്നത് കേവലമായിട്ട് ഈ പറയുന്ന എൻട്രി ടാക്സിന്റെമേൽ മാത്രമല്ല, അത് ഇങ്ങോട്ടു കൊണ്ടുവരുമ്പോൾ ഇതിന്റെ മറ്റ് തീരുവകൾ, അതുപോലെതന്നെ ഫ്രൈറ്റ് ചാർജ്, ഇൻസിഡെന്റൽ എക്സ്പെൻസസ് അതെല്ലാം ചേർത്തുകൊണ്ടാണ് എൻട്രി ടാക്സ് ഏർപ്പെടുത്തുന്നത്. യഥാർത്ഥത്തിൽ അതൊരു അസ്സസ്മെന്റ് സിസ്റ്റമെന്ന് പറയുന്നത് ഉദ്യോഗസ്ഥൻമാർക്ക് വലിയ രൂപത്തിൽ കൈക്കൂലി വാങ്ങാൻ പറ്റുന്നതാണ്. എത്ര ഫ്രൈറ്റ് ഈടാക്കണമെന്നതിന് വ്യക്തമായ വ്യവസ്ഥയില്ല. അതുപോലെ ഈ ഇൻസിഡെന്റൽ ചാർജ് എത്രയാണെന്നുള്ളതിന് കൃത്യമായിട്ടുള്ള വ്യവസ്ഥയില്ല. എന്താണ് അതിന്റെ ഫലം. അതിന്റെ ഫലം മറ്റൊന്നുമല്ല. ഈ കൊണ്ടുവരുന്നതിൽനിന്ന് അവർ നികുതി ഈടാക്കാൻവേണ്ടി തീരുമാനിക്കുമ്പോൾ തങ്ങൾക്ക് കാശ് തരുന്ന ആളുകൾക്ക് ചെറിയ രീതിയിൽ കൊടുക്കാനും തങ്ങളുമായി അങ്ങനെ ബന്ധമൊന്നുമില്ലാത്ത ആളുകൾക്ക് വലിയ നിലയിൽ നികുതി കൂട്ടാനും പറ്റുന്ന രൂപത്തിലേക്ക് ഉദ്യോഗസ്ഥൻമാർ ഇത് ഉപയോഗിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാതിരിക്കുന്നതല്ല. അതുപോലെതന്നെ മറ്റ് സ്ഥലങ്ങളിൽനിന്ന് തടി വാങ്ങിയിട്ട് ആളുകൾ വാഹനത്തിലാണ് ഇങ്ങോട്ടു വരുന്നത്. വാഹനത്തിൽ ഉടമകൾ ഉണ്ടായിരിക്കുകയില്ല. ഡ്രൈവർമാർ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അവരുടെ കയ്യിൽ കാശ് കൊടുത്തിട്ടാണ് ഈ പറയുന്ന പല സാധനങ്ങളും കൊണ്ടുവരേണ്ടത്. അവർ വേണം നികുതിയടയ്ക്കാൻ. അതുണ്ടാക്കുന്ന പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടുകളുണ്ട്. സാധാരണഗതിയിൽ ഏത് ഉൽപ്പന്നത്തിന്റെയുംമേൽ ടാക്സ് ഈടാക്കുമ്പോൾ, അത് വിറ്റ് ഒരു നിശ്ചിതമായ കാലഘട്ടത്തിനുള്ളിൽ കൊടുക്കുക എന്നുള്ളതിന് പകരമായി എൻട്രി ടാക്സ് മുൻപേ കൊടുക്കേണ്ട ഒന്നാണ് എന്നുള്ള പരിഗണന വച്ചുകൊണ്ട്, അതിനകത്ത് എങ്ങനെയാണ് ഈ ചെറുകിട സ്ഥാപനങ്ങളെ സംബന്ധിച്ച് അവർക്ക് കുറേക്കൂടി പ്രയാസം ഇല്ലാതെ പോകാൻ കഴിയുകയെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായിട്ടുള്ള നിലപാടുണ്ടാകേണ്ടതുണ്ട്. തടി യഥാർത്ഥത്തിൽ കടത്തിക്കൊണ്ടുപോകുന്നത് ഒഴിവാക്കാനാണ് എന്നു പറയാൻ കഴിയില്ലല്ലോ. യഥാർത്ഥത്തിൽ ചെക്ക് പോസ്റ്റിൽ നിന്നും തടി ഒളിച്ചുകൊണ്ടുപോകാൻ കഴിയുന്നതല്ല. പക്ഷേ, തടി ഇഷ്ടംപോലെ കടത്തിക്കൊണ്ടുപോകുന്നു എന്നുള്ളത് വസ്തുതയാണ്. യഥാർത്ഥത്തിൽ വലിയ മരവ്യവസായ സ്ഥാപനങ്ങൾക്ക് ഈ ഗവൺമെന്റിന്റെ പരിപൂർണ്ണമായ

LIBRARY ARCHIVES Kerala Legislative Assembly

ഒത്താശയോടെ, 100 ശതമാനം പിൻബലത്തോടെ, തടി കൊണ്ടുവരാൻവേണ്ടി കഴിയുന്നു. യഥാർത്ഥത്തിൽ വൻകിട വ്യാപാരികളെയെല്ലാം രക്ഷിക്കാനും ചെറുകിട വ്യവസായ സ്ഥാപനങ്ങളെ തകർക്കാനുംവേണ്ടി പറ്റാവുന്ന നിലയ്ക്കുള്ള ഉൾപ്പെടുത്തലാണ് ഈ നികുതിയുടെ ഫലമായിട്ട് ഇപ്പോൾ വന്നുചേർന്നിരിക്കുന്നത്. കേവലമായിട്ട് ഒരു ചെറിയ ഷെഡ്യൂളിൽ ചെറിയ മാറ്റങ്ങളും അതുപോലെ നേരത്തെ ഉണ്ടായിട്ടുള്ള അവ്യക്തത മാറ്റാനുള്ള ചില കാര്യങ്ങളും എന്നുള്ള നിലയിൽ മാത്രമല്ല വന്നിട്ടുള്ളത്. ചെറുകിട വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന, ചെറുകിട വ്യാപാരികളെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ളവ ഇതിന്റെ ഭാഗമായിട്ട് വന്നിട്ടുണ്ട്. അത് പുനഃപരിശോധിക്കാൻവേണ്ടി കഴിയേണ്ടതുണ്ട് എന്നുള്ളതാണ് ഡിസന്റ് നോട്ടിന് ആധാരമായിട്ട് ഞാൻ ഉന്നയിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രധാനപ്പെട്ട കാര്യം.

ശ്രീ. എൻ. രാജൻ: സർ, നേരത്തെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. നികുതി നഷ്ടം ഒഴിവാക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിത്തന്നെ കൊണ്ടുവന്ന ഈ നിയമം അതിന്റെ ഷെഡ്യൂളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അത് പരിശോധിക്കേണ്ടതാണ്. അതുപോലെ കേരളത്തിലെ തടിവ്യവസായരംഗത്ത് ഏറ്റവും കൂടുതൽ പേർ ചെറുകിട വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരാണ്. അവർക്ക് എൻട്രി ടാക്സ് കൊടുക്കുകയും നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ പല തരത്തിലുള്ള ടാക്സുകൾ കൊടുത്ത് അവർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. അതുകൊണ്ടാണ് ഞങ്ങൾ അങ്ങനെ ഒരു ഡിസന്റ് രേഖപ്പെടുത്തിയതുതന്നെ. തടിപോലെയുള്ള അസംസ്കൃത വസ്തുക്കളെ ലോക്കൽ എൻട്രി ടാക്സിൽനിന്ന് ഒഴിവാക്കണമെന്ന് വളരെയധികം ശക്തമായി ഒന്നുകൂടി ആവശ്യപ്പെടുകയാണ്.

ഡോ. തോമസ് ഐസക്: സർ, ഞങ്ങളുടെ ഡിസന്റിംഗിൽ അധികമൊന്നും പറയാനില്ല. എൻട്രി ടാക്സ് പ്രകാരം കേരളത്തിലെ വ്യവസായരംഗത്ത് ഉപയോഗിക്കുന്ന ക്യാപ്പിറ്റൽ ഗുഡ്സിനും അതുപോലെ കീ റാ-മെറ്റീരിയൽസിനും എൻട്രി ടാക്സ് കൊടുക്കേണ്ടിവരുമ്പോൾ സെറ്റ് ഓഫ് (set off) പിന്നീട് കിട്ടുമെങ്കിൽപ്പോലും അത് വ്യവസായികൾക്ക് ഒട്ടനവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മറ്റ് പല സംസ്ഥാനങ്ങളും outright ആയിട്ടുതന്നെ എൻട്രി ടാക്സിൽനിന്ന് എക്സംപ്ഷൻ നൽകിയിട്ടുള്ള ഗുഡ്സിന് ഇവിടെ ടാക്സ് നൽകേണ്ടിവന്നിരിക്കുകയാണ്. അതുപോലെതന്നെ, Government of Tamil Nadu having considered necessary to do in Public Interest, hereby exempts every importer who imports scheduled goods directly from foreign country for using in the Manufacturing Unit in the State from the payment of entry tax എന്നു പറഞ്ഞുകൊണ്ട് 2004 ഒക്ടോബർ 25-ന് ഉത്തരവ് നൽകിയിട്ടുണ്ട്. ആ ഒരു മാതൃക

LIBRARY ARCHIVES Kerala Legislative Assembly

പിൻതുടർന്നുകൊണ്ട് നമ്മുടെ വ്യവസായമേഖലയിൽ ഉപയോഗിക്കുന്ന കൃഷിപ്പിറ്റൽ ഗുഡ്സിനും അതുപോലെ കീ റോ-മെറ്റീരിയൽസിനെയും exempt ചെയ്യുന്നതല്ലേ ഉചിതം. ഇതുമായി ബന്ധപ്പെട്ട് വരുന്ന തടിയുടെ മേലുള്ള നികുതി പ്രശ്നത്തെക്കുറിച്ച് ഒരുപാട് വാർത്തകളൊക്കെ വന്നുകഴിഞ്ഞിട്ടുള്ളതാണ്. ശ്രീ. പ്രകാശൻ മാസ്റ്റർ പറഞ്ഞുകഴിഞ്ഞു. ഞാൻ കൂടുതൽ ആവർത്തിക്കുന്നില്ല. ഈ കാര്യം ഒന്നു പുനഃപരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻഡ്മെന്റ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ പ്രവേശന നികുതി നിയമത്തിലുള്ള ഭേദഗതി ബില്ലിന്റെ കാര്യത്തിലുള്ള ചില അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിച്ചു. ഇതിൽ വിയോജനക്കുറിപ്പിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം, സംസ്ഥാനത്തേക്ക് കൊണ്ടുപോകുന്ന തടികൾക്കുള്ള പ്രവേശന നികുതി പിൻവലിക്കണമെന്ന അഭിപ്രായമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. വ്യവസായത്തിനുവേണ്ടി വളരെ വലിയ കാര്യങ്ങൾ ചെയ്യുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഇപ്പോഴത്തെ ഗവൺമെന്റ് ഈ പുതിയ തരം തടിവ്യവസായത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുന്ന നിർദ്ദേശങ്ങളാണ് ഇപ്പോൾ കൊണ്ടുവരുന്നത്. അതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ഡിസന്റിംഗ് നോട്ടിൽ ബഹുമാനപ്പെട്ട മെമ്പർമാർ ഈ കാര്യം ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ, ഇതിന്റെ മറവിൽ നിർബാധം തടി ഇങ്ങോട്ടുവരികയാണ് എന്ന സ്ഥിതി ഒഴിവാക്കുകയും വേണം. അതിന് എന്തു ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. ഇവിടെ കോഴികൾക്ക് പ്രവേശന നികുതി നമ്മൾ ഏർപ്പെടുത്തിക്കൊടുത്തിരുന്നു. കോഴികൾക്ക് ഏർപ്പെടുത്തിയ പ്രവേശന നികുതി അവസാനം അത് ഈടാക്കാൻ കഴിയാതെവന്നതും അത് ഇളവ് കൊടുത്തതും അതിന്റെ വിവാദവുമൊക്കെ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായതാണ്. ഇനി നികുതി ഈടാക്കാൻ കഴിയുമോയെന്നുള്ള കാര്യം സംശയമാണ്. അത് നമുക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. ഇത്തരം നികുതി പിരിച്ചെടുക്കുന്ന കാര്യത്തിലുള്ള അലംഭാവം കാരണം നമുക്ക് നികുതി നഷ്ടപ്പെടുന്നത് പ്രധാനപ്പെട്ട ഒരു ഘടകമായി മാറുന്നുണ്ട്. പ്ലൈവുഡ് വ്യവസായത്തിലെ ഇന്നത്തെ സ്ഥിതി പരിഗണിക്കുമ്പോൾ ഈ കാര്യം ഗവൺമെന്റ് പ്രത്യേകിച്ച് പരിഗണിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ വ്യവസായത്തിനെ അത് വളരെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയാണ് വരാൻപോകുന്നത്. മറ്റൊന്ന് ഇതിനകത്ത് പറഞ്ഞിരിക്കുന്ന നികുതിനിർണ്ണയത്തിൽനിന്ന് രക്ഷപ്പെട്ടവരുടെ കാര്യത്തിൽ നികുതി പുനർനിർണ്ണയം ചെയ്യാനുള്ള 10(എ) വകുപ്പ് ഇതിനകത്ത് ചേർത്തിട്ടുണ്ട്. ഈ 10(എ) വകുപ്പ് ഇത്തരത്തിൽ ചേർത്തത് പ്രത്യക്ഷത്തിൽ നല്ലൊരു നിർദ്ദേശമാണ്. എന്നാൽ ഇപ്പോൾ പഴയ നികുതി പുനർ നിർണ്ണയിക്കുമെന്ന് പറഞ്ഞ് നിയമം പാസ്സാക്കി ഇത് കാണിച്ച് ആരെയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ബ്ലാക്ക്മെയിൽ ചെയ്യാൻ ഉദ്യോഗസ്ഥൻമാർക്ക് അവസരം ഉണ്ടാക്കിക്കൂടാ. അപ്പോൾ 10 (എ) വകുപ്പ് ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതുപോലെ 14 എ, ബി വകുപ്പനുസരിച്ച് ഹൈക്കോടതിയിൽ അപ്പീൽ നൽകാനുള്ള സമയം 90 ദിവസമെന്നാണ് ഇവിടെ നിജപ്പെടുത്തിയിട്ടുള്ളത്. സമയപരിധി നൽകേണ്ടതിന്റെ ആവശ്യമുണ്ടോയെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കണം. അത് 60 ദിവസമായിട്ടു കുറച്ചാൽ മതി. അതുപോലെതന്നെ 14 എ, ബി വകുപ്പിന്റെ മൂന്നാം വകുപ്പും 4-ാം ഉപവകുപ്പും അനാവശ്യമായിട്ടുള്ളതാണ്. ഹൈക്കോടതി അപ്പീൽ പെറ്റീഷൻ പരിശോധിക്കുമ്പോൾ പെറ്റീഷണർക്ക് പറയാനുള്ളതുകൂടി പറയാൻ അവസരം നൽകണമെന്നാണ് 3-ാം ഉപവകുപ്പിന്റെ പ്രൊവൈസോയിൽ ഇവിടെ പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ പെറ്റീഷൻ തള്ളുകയാണെങ്കിൽ രണ്ടു പാർട്ടികൾക്കും പറയാനുള്ളത് പറയാൻ ഹൈക്കോടതി അവസരം നൽകണമെന്നാണ് 4-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത്. ഇത് വളരെ അപ്രസക്തവും അനാവശ്യവുമായിട്ടുള്ള ഒരു കാര്യമാണ്, ഹൈക്കോടതിതന്നെ നാചുറൽ ജസ്റ്റിസ് പാലിക്കണമെന്നുള്ളത് നിയമത്തിൽ എഴുതിവയ്ക്കുന്നത് ശരിയാണോ? ആ തരത്തിൽ ഇത് വ്യാഖ്യാനിക്കാൻ ഇടയുണ്ട്. അങ്ങനെ വരുമ്പോൾ ഹൈക്കോടതിയുടെ നടപടിക്രമങ്ങളിൽ നമ്മൾ ഇടപെടുന്നതായി വ്യാഖ്യാനിക്കപ്പെടും. ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം ഹൈക്കോർട്ട് ആക്ടും ഈ കോടതിയിൽ നാചുറൽ ജസ്റ്റിസ് പാലിക്കണമെന്നത് ഇതിനകത്ത് പറയുന്നുണ്ട്. 14 എ, ബി വകുപ്പിന്റെ മൂന്നാം വകുപ്പും 4-ാം ഉപവകുപ്പും വകുപ്പുതിരിച്ചുള്ള ചർച്ചാസമയത്ത് ഒന്ന് പരിഗണിച്ചാൽ തരക്കേടില്ല. അതുപോലെതന്നെ ഹൈക്കോടതിയുടെ രണ്ടു ജഡ്ജിമാരുള്ള ഡിവിഷൻ ബഞ്ചായിരിക്കണം ഈ അപ്പീൽ പരിഗണിക്കേണ്ടത് എന്നൊരു ഭാഗവും 14 എ, സി-യിൽ കാണുന്നുണ്ട്. ഇത് നിയമപരമായിട്ട് നിലനിൽക്കുമോയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. സിംഗിൾ ബഞ്ച് പരിഗണിക്കേണ്ട വിഷയങ്ങളും ഡിവിഷൻ ബഞ്ച് പരിഗണിക്കേണ്ട വിഷയങ്ങളും ഏതെല്ലാമാണെന്ന് ഹൈക്കോർട്ട് റൂൾസിലാണ് പറഞ്ഞിരിക്കുന്നത്. അതാണ് ഹൈക്കോർട്ടിൽ ബാധകമായിട്ടുള്ളത്. നമ്മളിപ്പോൾ ഇതിനകത്ത് എഴുതിവയ്ക്കുന്നതുകൊണ്ട് ഹൈക്കോടതി അത് അംഗീകരിച്ചുകൊള്ളണമെന്നില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു ഭാഗം ഇതിനകത്ത് എഴുതിവച്ചുകൊണ്ട് അനാവശ്യമായ ഒരു വിവാദം ജുഡീഷ്യറിയും നമ്മളും തമ്മിൽ ഉണ്ടാക്കേണ്ടതുണ്ടോ? ഇവിടെ ആട്ട, മൈദ, സൂജി എന്നിവയ്ക്ക് പ്രവേശന നികുതി ഏർപ്പെടുത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇത് യഥാർത്ഥത്തിൽ ആട്ട, മൈദ, സൂജി വ്യവസായം കേരളത്തിൽ നടത്തുന്ന ആളുകൾക്ക് സഹായകരമാണ്, മറ്റു സ്റ്റേറ്റുകളിൽനിന്നും ഇവിടേക്ക് വരുന്നതിന് പ്രവേശന നികുതി ഏർപ്പെടുത്തിയാൽ. ഇത് സാധനത്തിന്റെ വിലയിൽ എന്ത് പ്രത്യാഘാതം ഉണ്ടാക്കും? ഇത് സാധനത്തിന്റെ വില കുറയാനോ കൂടാനോ

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കും ഇടയാക്കുക. ഉപഭോക്താക്കളെ സംബന്ധിച്ച് വില കൂടാൻ സാദ്ധ്യതയുണ്ടോ? ഈ ഭാഗങ്ങളൊക്കെ പരിഗണിച്ചിട്ടുണ്ടോ? എന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കേണ്ടത്. മറ്റൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിരുന്നു. ബീഡി ഇലയ്ക്ക് ഇപ്പോൾ 4 ശതമാനം ടാക്സ് വച്ചിട്ടുണ്ട്. അവസാനം വന്ന മൂന്നാം വായനയുടെ ഘട്ടത്തിൽ പറഞ്ഞത് പിന്നീട് പരിശോധിക്കാമെന്നാണ്. ഇപ്പോൾ വന്നതിനുശേഷം അത് പരിശോധിച്ചതായിട്ട് കാണുന്നില്ല. ബീഡി വ്യവസായം പ്രതിസന്ധിയെ നേരിടുന്ന ഘട്ടത്തിൽ ഗവണ്മെന്റ് അത് പ്രത്യേകമായും പരിഗണിക്കേണ്ടതായിട്ടുണ്ട്. തകർന്നുകൊണ്ടിരിക്കുന്ന ബീഡി വ്യവസായത്തെ ഏതെങ്കിലും തരത്തിൽ സഹായിക്കുന്നതിനു പകരം പുതിയ നികുതികൾ ഏർപ്പെടുത്തിയാൽ ആ വ്യവസായം സമ്പൂർണ്ണമായ നാശത്തിലേക്ക് പോകും. അതിന് ഇടയാകാത്ത വിധത്തിൽ ആ വ്യവസായത്തെ സംരക്ഷിക്കണം. വാറ്റും മറ്റുള്ളവയുമൊക്കെ വന്നതിന്റെ ഫലായി നമ്മുടെ നാട്ടിലെ ചെറുകിട വ്യവസായങ്ങൾ നശിക്കുമെന്നുള്ള ഒരു പ്രതീതിയുണ്ട്. തടി വ്യവസായവും മറ്റും തകരുന്നതിനിടയാകാത്ത ഒരു സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, രണ്ടു കാര്യങ്ങളാണ് പ്രധാനമായിട്ടും പറഞ്ഞത്. അതിലൊന്ന്, ആട്ട, മൈദ, സൂജി, ഗോതമ്പ് ഇതിലെല്ലാം പ്രവേശന നികുതി കൊണ്ടുവന്നതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ഇത് കൊണ്ടുവന്നത് ഇവിടെയുള്ള ആളുകളെ സഹായിക്കാൻകൂടിത്തന്നെയാണ്. അതിൽ സംശയമില്ല. അവർ പുറത്തുനിന്നും നികുതിയില്ലാതെ കൊണ്ടുവരുന്നത് അവരുടേതിനെ ബാധിക്കുന്നു. അവർക്കും ഇവിടെ നികുതി തരണം. അതുകൊണ്ട് അവരെ ബാധിക്കും. അതുകൊണ്ടുതന്നെയാണ് പുറത്തുനിന്നും കൊണ്ടുവരുന്നതിന് നികുതി ഈടാക്കാൻ കാരണം. തടിയുടെ കാര്യം ഇവിടെ പറഞ്ഞു. ശ്രീ. പ്രകാശൻ മാസ്റ്റർ പറഞ്ഞതുപോലെ അതിൽ വെട്ടിപ്പുണ്ടായിരുന്നു. അത് ശരിയാണ്. അതുകൊണ്ടുതന്നെയാണ് ഇങ്ങനെ ഉൾപ്പെടുത്താനുള്ള പ്രധാന കാരണം. അതേയവസരത്തിൽ അത് നമ്മുടെ വ്യവസായത്തെ ബാധിക്കില്ല. ഡോക്ടർ തോമസ് ഐസക്കും ഇവിടെ പറഞ്ഞു. കാരണം, സെറ്റോഫ് ഉണ്ട്. ഇത് നേരത്തെ ഉണ്ടായിരുന്ന രീതിയിലുള്ള വെട്ടിപ്പ് ഒഴിവാക്കാനും കഴിയും. അതേസമയത്ത് വ്യവസായത്തിന് വലിയ ബുദ്ധിമുട്ടുമില്ല. അവർക്ക് സെറ്റോഫ് കൊടുക്കുകയും ചെയ്യാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ക്ലാസ് ബൈ ക്ലാസ് പറഞ്ഞു. ചിലതിൽ സബ്സ്റ്റിറ്റ്യൂഷൻസ് ഉണ്ട്. അത് വരുമ്പോൾ പരിഗണിക്കാം.

മി. ചെയർമാൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രസ്റ്റ് ചെയ്യുന്നു.

ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

Shri A. K. Balan: Sir, I move the following amendment:

(81) In Section 3(1) of the principal Act proposed to be amended by caluse 2.

for the words "Schedule" substitute the words "Schedules".

Shri M. Prakashan Master: Sir, I move the following amendment.

(83) In Section 3(1) of the principal Act proposed to be amended by clause 2 insert the words "except those goods which are utilised as raw materials for the small scale industrial units of Kerala" after the words "Value Added Tax 2003".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതികൾ ഒന്നും അക്സപ്ട് ചെയ്യുന്നില്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 81-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 83-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Shri M. Prakashan Master: Sir, I move the following amendment:

(84) In Section 10 A(1) of the principal Act proposed to be inserted by clause 3 the words "at any time or from time to time" shall be substituted by the words "only for one time".

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടം എന്നുള്ളത് ഒറ്റസമയത്തേക്കായി നിജപ്പെടുത്തണം.

Shri Kodiyeri Balakrishnan: Sir, I move the following amendments:

(88) In the new Section 10A(1) of the principal Act proposed to be inserted by clause 3 for the words "so much of the money as is sufficient to pay" substitute the words "so much of the money (together with interest at normal rate) as is sufficient to pay".

(94) After the newly inserted Section 10A(2) of the principal Act proposed to be inserted by clause 3 the following proviso shall be added namely:

"provided that any order passed under the sub-section which has the effect of reducing the amount has to be ratified by the Commissioner".

Shri P. J. Joy: Sir, I move the following amendment:

(93) Add the following proviso to Section 10A(2) of the principal Act proposed to be inserted by clause 3 "provided that where the amount specified in a notice is enhanced when that notice is amended the assessing authority shall give the importer an opportunity for being heard".

Shri P. T. Thomas: Sir, I move the following amendment:

(99) In section 10A(6) of the principal Act proposed to be inserted by clause 3 (1) delete the words "court or" appearing in line 1(2) for the words, "be a charge on the properties of such court or person as the case my be" substitute the words "be the first charge on the properties of such person".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഭേദഗതികൾ ഒന്നും അക്സപ്ട് ചെയ്യുന്നില്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 84-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 88, 94 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 93-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

GPM. 2/587/2012.—46

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Shri A. K. Balan: Sir, I move the following amendments:

(101:) In Section 14 AB(1) of the Principal Act proposed to be inserted by Clause 4(1) for the words "ninety days" substitute words, "Sixty days".

(2) After the first proviso add the following proviso also:-"provided further that the petition shall not be entertained unless the amount already determined has been remitted".

(115:) In the newly inserted Section 14 AB (3) of the principal Act proposed to be inserted by clause 4 the proviso shall be deleted.

(117:) In Section 14 AB(4) of the principal Act proposed to be inserted by clause 4 delete the word "it shall, after giving both the parties to the petition a reasonable opportunity of being heard".

(122:) In Section 14 AB(9) of the principal Act proposed to be inserted by clause 4 for the words "one year" substitute the words "six months".

(130:) Delete the newly added Section "14 AC".

ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ 90 ദിവസം എന്നുള്ളത് 60 ദിവസം എന്നാക്കി മാറ്റണം.

Shri P. Jayarajan: Sir, I move the following amendments:

(105:) In Section 14 AB(1) of the Principal Act proposed to be inserted by clause 4 for the word "ninety" the words "One hundred and twenty" shall be substituted.

(123:) In Section 14 AB (9) of the principal Act proposed to be inserted by Clause (4) The words "five hundred" shall be deleted.

സമയപരിധി 90 ദിവസം എന്നുള്ളത് 120 ദിവസം എന്നാക്കി മാറ്റണം.

Prof. Savithri Lakshmanan: Sir, I move the following amendment:

(107:) In Section 14 AB(1) of the Principal Act proposed to be inserted by clause 4(1) for the words " a petition" substitute the words "a revision petition".

LIBRARY ARCHIVES Kerala Legislative Assembly

(2) for the words "decided erroneously or failed to decide any question of law" substitute the words "decided the case erroneously or failed to decide any question of law involved in the case".

ബിൽ കുറ്റമറ്റതാക്കാനുള്ള ചെറിയ ചെയിഞ്ചസാണ്.

Shri A. A. Azeez: Sir, I move the following amendments:

(111:) In the proviso to newly inserted Section 14 AB(1) of the principal Act proposed to be inserted by clause 4 the words "period of ninety days" shall be substituted by the words "period of sixty days".

(125:) In the newly inserted Section 14 AB(9) of the principal Act proposed to be inserted by Clause 4

(i) the words "within one year from" shall be substituted by the words "within six months from"

(ii) the words "one thousand five hundred rupees" shall be substituted by the words "One thousand rupees".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ശ്രീ. എ. കെ. ബാലനും മറ്റു ചില സുഹൃത്തുക്കളും 90 ദിവസം എന്നും, ശ്രീ. പി. ജയരാജൻ 120 ദിവസം എന്നും പറഞ്ഞു. നിങ്ങൾ രണ്ട് അഭിപ്രായങ്ങൾ പറഞ്ഞു. ഗവണ്മെന്റ് അത് പരിശോധിച്ചു. റീസണബിൾ ടൈം എന്നു പറയുന്നത് 90 ദിവസമാണ്. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 101, 115, 117, 122, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 105, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 111, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(145:) In the schedule of the principal Act proposed to be amended by clause 5, of the Bill, for sub clause (c), the following sub clause shall be substituted, namely:—

"(c) after serial number 66 and the entry against it, the following serial numbers and entries shall respectively be added, namely:—

67. Paper bags

68. Atta, maida, sooji

69. Paper and paper products excluding newsprint imported by News paper publishers"

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

Shri T. P. M. Sahir: Sir, I move the following amendment:

(133:) In clause 5, the following sub clause shall be inserted viz.

"(a) for the entries against serial number 28, the following entries shall be substituted, namely:

"Edible oil, including refined oil, hydrogenated oil and margarine excluding crude inedible oils".

എൻട്രി ടാക്സ് വന്നതിനുശേഷം കേരളത്തിൽ ആട്ട, മൈദ, സൂജി ഇവിടെ ഇൻട്രൊഡ്യൂസ് ചെയ്തതുപോലെ ഒരു ഇൻഡസ്ട്രിയാണ് ക്രൂഡ് ഓയിൽ import ചെയ്തിട്ട് ഓയിൽ ഉണ്ടാക്കുന്നത്. അതിൽ എസ്.ആർ.ഒ. 696/2002-ലും 583/2003-ലും ഇറക്കിയെങ്കിലും അത് വെളിയിൽനിന്നും വരുന്ന ഇൻഡസ്ട്രിക്കാരെയാണ് സഹായിക്കുന്നത്. കേരളത്തിൽ മാനുഫാക്ചർ ചെയ്യുന്ന ഇൻഡസ്ട്രിക്കാരെ സഹായിക്കുന്നില്ല. അതുകൊണ്ട് ആട്ടയ്ക്കെല്ലാം കൊടുത്തതുപോലെ അതേ തരത്തിലുള്ള edible oil including refined oil, hydrogenated oil എന്നുകൂടി ചേർക്കണം എന്നുള്ളതാണ്. ഇവിടത്തെ ഇൻഡസ്ട്രിയാകെ തകർന്നു പോകും.

Shri V. D. Satheesan: Sir, I move the following amendment:

(142:) In the Schedule of the principal Act proposed to be amended by clause 5(c) add the following explanation at the end, namely:—

LIBRARY ARCHIVES Kerala Legislative Assembly

"Explanation:— for the purpose of this entry the term news paper publishers includes the publishers of periodicals also".

Shri M. Prakashan Master: Sir, I move the following amendment:

(143:) In the Schedule of the principal Act proposed to be amended by clause 5(c), after "68" the following para be included— "69. goods utilised as raw materials for small scale industrial units, Kudumbasree Units and other micro level production units".

Smt. P. K. Sreemathi Teacher: Sir, I move the following amendment:

(144:) In the Schedule of the principal Act proposed to be amended by clause 5 the following clause shall be inserted, namely:—

(d) "any goods or raw material produced in the state and used in the Khadi and Village industries, traditional industries and the products of Kudumbashree Units shall be exempted from the tax on entry of goods into local areas".

ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിട്ടുള്ള കാര്യം തന്നെയാണ്. പരമ്പരാഗത വ്യവസായം, ഖാദി, കുടുംബശ്രീ. അവിടെയെല്ലാം ഉപയോഗിക്കുന്ന റാ-മെറ്റീരിയൽസിനെ ഈ എൻട്രി ടാക്സിൽനിന്നും ഒഴിവാക്കണം എന്നാണ്. പേപ്പർ ബാഗ്സ് കേരളത്തിൽ കുടുംബശ്രീ യൂണിറ്റുകളാണ് മിക്കവാറും സ്ഥലങ്ങളിൽ ഉണ്ടാക്കുന്നത്. പേപ്പർ ബാഗ്സിനെ ഇതിൽനിന്നും ഒഴിവാക്കണം.

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 145-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ടി. പി. എം. സാഹിർ അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Smt. P. K. Sreemathi Teacher: Sir, I move the following amendment:

(74:) Clause 1(2) shall be recast as follows namely:—

"(2) This Act shall come into force at once".

2005 ഏപ്രിൽ 1-ന് നിലവിൽ വരുന്നതാണ് എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ ഇത് മുൻകാല പ്രാബല്യത്തോടുകൂടി എന്നുപറയുന്നത് ശരിയല്ല. ഒരുപാട് കച്ചവടക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്ന സന്ദർഭത്തിൽ എന്ന് ഭേദഗതി ചെയ്യണം.

Shri T. P. M. Zahir: Sir, I move the following amendment:

(75:) Clause 1(2) shall be recast as follows

"Clause (a) of Section 5 shall be deemed to have come into force on the first day of April 2002".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഈ ഭേദഗതികളൊന്നും ഞാൻ അക്സെപ്റ്റ് ചെയ്യുന്നില്ല. പക്ഷേ ശ്രീ. കോടിയേരി പറഞ്ഞ ഒരു കാര്യത്തിന് ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുന്നു. ബീഡിക്ക് ഇപ്പോൾ തന്നെ നികുതി ബാധകമല്ല. കേന്ദ്ര എക്സൈസ് ഡ്യൂട്ടിക്ക് വിധേയമായതുകൊണ്ടാണ് ഇത്. എന്നാൽ ബീഡി ഇലയ്ക്ക് 4 ശതമാനമാണ് നികുതി. പക്ഷേ നേരത്തെ സെയിൽസ് ടാക്സ് നിയമമനുസരിച്ച് 8 ശതമാനമായിരുന്നു. അത് 4 ശതമാനമായി കുറയ്ക്കുകയാണ് ചെയ്തത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 74-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. പി. എം. സാഹിർ അവതരിപ്പിച്ച 75-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ചെയർമാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെന്റുമെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(5) 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെന്റുമെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെന്റുമെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* കൂടുതലായി ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കുന്നുണ്ട്. അതേസമയം ഇതിനകത്ത് എതിർക്കേണ്ട കാര്യങ്ങളൊന്നുമില്ല. അതു കൊണ്ട് സഹകരണത്തിന് ആത്മാർത്ഥമായ നന്ദി പറയുന്നു. ഇനി രണ്ട് ബില്ലുകൾ കൂടിയുണ്ട്. അതും പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതുപോലെ ഞങ്ങൾ പരമാവധി സഹകരിക്കുന്നുണ്ട്. വാറ്റ് അമെന്റുമെന്റ് ബിൽ സംബന്ധിച്ച് ഞങ്ങൾക്കുള്ള വളരെ ഗൗരവമായിട്ടുള്ള ചില അഭിപ്രായ വ്യത്യാസങ്ങൾ ഒരു 20 മിനിട്ടെങ്കിലും സമയമെടുത്ത് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അനാവശ്യ സമയം എടുക്കില്ല. ഈ വാറ്റ് ബിൽ സംബന്ധിച്ച് ഞങ്ങളുടെ ചില നിലപാടുകൾ ഈ സഭയിൽ വ്യക്തമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly